**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ 2017 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 203/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24/01/2017

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.12.2016-ലെ UIPI/99408//DHS നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2017 ജനുവരി 29, ഏപ്രിൽ 2 തീയതികളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ മുതലായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിക്കണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ജനുവരി 29, ഏപ്രിൽ 2 തീയതികളിൽ നടക്കുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമ പഞ്ചായത്തുകൾ പരമാവധി 10,000/- (പതിനായിരം രൂപ) രൂപയും മുനിസിപ്പാലിറ്റികൾ 15,000/- (പതിനയ്യായിരം രൂപ) രൂപയും കോർപ്പറേഷനുകൾ 25,000/- (ഇരുപത്തി അയ്യായിരം രൂപ) രൂപയും അവരുടെ തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ / താലൂക്ക് / ജില്ല / ജനറൽ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത മെഡിക്കൽ ഓഫീസർമാർ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.